പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 390 15.7.2015 ലെ മറുപടിയ്ക്ക്

## വിനോദ സഞ്ചാര ദിശാബോർഡുകൾ

| ചോദ്യം<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും<br>വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് വ്യക്തമായ ദിശ അറിയിക്കുന്നതിന് പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ദിശാ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് മാർഗ്ഗനിർദ്ദേശം നൽകത്തക്ക വിധത്തിൽ ദിശാബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | ബി) | സഞ്ചാരികൾക്ക് മാർഗ്ഗനിർദ്ദേശം നൽകത്തക്ക വിധത്തിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ സംസ്ഥാനത്താകമാനം പാതയോരങ്ങളിലും, വിനോദ സഞ്ചാരകേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിനായാണ് പദ്ധതി നടപ്പാക്കുന്നത്. ബോർഡുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടേയും, ബോർഡുകളുടെ തരങ്ങളെയും സംബന്ധിച്ച് സ്വയംഭരണ സ്ഥാപനമായ നാറ്റ്പാക്ക് വിശദമായ പഠനം നടത്തിയശേഷമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| സി) | എന്തെല്ലാം വിവരങ്ങളാണ് ദിശാ ബോർഡുകളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | സി) | വിവിധ തരത്തിലുള്ള ബോർഡുകളാണ് സ്ഥാപിക്കുന്നത്. ഓരോ തരത്തിലുള്ള ബോർഡുകളിലും വിവിധ രീതിയിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ വിനോദസഞ്ചാര കേന്ദ്രത്തിന്റെ പേര്, ദൂരം, മാപ്പ് എന്നിവ ഉൾപ്പെടുന്നു. കേരളാ ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലേക്ക് എളുപ്പത്തിൽ എത്തിച്ചേരുവാനായി ക്യു.ആർ കോഡും ബോർഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ആരെല്ലാമാണ് പദ്ധതിയുടെ നടത്തിപ്പിനായിസഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | സ്വയംഭരണ സ്ഥാപനമായ നാറ്റ്പക്ക് ആണ് പദ്ധതി നടത്തിപ്പിനായി ടൂറിസം വകുപ്പുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ